പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3208

14.03.2018 ൽ
മറുപടിക്ക്

## ജനകീയ പോലീസ് നയവും പോലീസ് സ്റ്റേഷനുകളുടെ ആധുനീകരണവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. എം. സ്വരാജ്<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ. ഐ.ബി സതീഷ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ആധുനീകരിക്കുന്നതിനും ജനകീയ പോലീസ് നയം നടപ്പാക്കുന്നതിനും ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | എ) 2018-19 സാമ്പത്തിക വർഷത്തിൽ പോലീസിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്ക് വേണ്ടി 159 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി 68 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ബാക്കി തുക ചുവടെക്കൊടുത്തിട്ടുള്ള പദ്ധതികൾക്കായി വിനിയോഗിക്കാനാണ് തീരുമാനിച്ചിട്ടുളളത്.<br>• ജില്ലകളിൽ നിരീക്ഷണ സംവിധാനം കാര്യക്ഷമമാക്കുക<br>• വിവിധ ജനസൗഹൃദ മൊബൈൽ ആപ്ലിക്കേഷനുകൾ, സംയോജിത ബീറ്റ് സംവിധാനം എന്നിവ കൺട്രോൾ റൂമുകൾ വഴി ഏകോപിപ്പിക്കുക<br>• പോലീസിന്റെ പ്രായോഗിക പ്രവർത്തന ആവശ്യകതയ്ക്ക് വേണ്ടി വാഹനങ്ങൾ വാങ്ങുക<br>• ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനുള്ള നവീകരിച്ച സംവിധാനങ്ങൾ ലഭ്യമാക്കുക<br>• ഇന്റലിജൻസ് സംവിധാനത്തെ ശാക്തീകരിക്കുക<br>• സൈബർ മേഖലയിലെ കുറ്റാന്വേഷണ സംവിധാനങ്ങളെ അഭിവൃദ്ധിപ്പെടുത്തുക |

- ഫോറൻസിക് സയൻസ് ലബോറട്ടറികളുടെയും ഫിംഗർപ്രിന്റ് ബ്യൂറോകളുടെയും ക്രൈം ബ്രാഞ്ചിന്റേയും ആധുനികവൽക്കരണം
- പോലീസ് സ്റ്റേഷനുകളിൽ ആധുനിക സംവിധാനത്തോടു കൂടിയ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുക

കൂടാതെ 21.10.2017 ലെ സ.ഉ. (എം.എസ്) സം. 211/2017/ആഭ്യന്തരം പ്രകാരം ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ 196 പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഇപ്രകാരം 203 പോലീസ് സ്റ്റേഷനുകളിൽ കുറ്റാന്വേഷണവും ക്രമസമാധാനവും വെവ്വേറെ വിഭാഗങ്ങളായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | ജനകീയ പോലീസ് നയത്തിന്റെ ഭാഗമായി സ്ത്രീ സൗഹൃദ, ബാല സൗഹൃദ പോലീസ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | ബി) | സ്ത്രീ സൗഹൃദ, ബാല സൗഹൃദ പോലീസ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ